"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മാന്വർ പ്രോഗ്രാം സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt) No.921/2020/LSGD തീയതി,തിരുവനന്തപുരം, 19/05/2020

---

പരാമർശം:- 1 കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ 30.05.2018-ലെ F.No.253/16/2017/Biogasനമ്പർ കത്തും മാർഗ്ഗനിർദ്ദേശങ്ങളും

2 ഗ്രാമവികസന കമ്മീഷണർ 23.10.2019, 06.02.2020, 18.04.2020 തീയതികളിലെ 12041/ഡി.പി.1/18/സിആർഡി നമ്പർ കത്തുകൾ

**ഉത്തരവ്**

കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം ഭരണാനുമതി നൽകിയിട്ടുള്ള ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മാന്വർ പ്രോഗ്രാം (NNBOMP) എന്ന പദ്ധതിയുടെ സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികളിൽ ഒന്നായ ഗ്രാമവികസന വകുപ്പ് മുഖേന 2019-20 സാമ്പത്തിക വർഷം 1400 യൂണിറ്റുകൾ എന്ന ഭൗതിക ലക്ഷ്യം അനുവദിച്ച് നൽകിയിട്ടുണ്ടെന്നും (ജനറൽ 800,എസ്.സി.400, എസ്.ടി.200) 100 ശതമാനം കേന്ദ്രസഹായം ലഭ്യമാവുന്ന ടി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്നും, പരാമർശം (2) മുഖേന ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2. പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന് 1 $m^3$ മുതൽ 25$m^3$ വരെ വിസ്താരമുള്ള ബയോഗ്യാസ് പ്ലാന്റുകൾക്കായി ജനറൽ വിഭാഗത്തിന് 7500 രൂപ മുതൽ 25,000 രൂപ വരെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ക്ക് 10,000 രൂപ മുതൽ 28,000 രൂപ വരെയും സബ്സിഡി ലഭിക്കുന്നതാണ്. പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമ സഭകൾ മുഖേന തിരഞ്ഞെടുക്കുന്നതും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ടേൺകീ ഏജന്റുമാരുടെ സേവനം ഉപയോഗപ്പെടുത്തി സ്വന്തം നിലയിൽ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച ശേഷം പൂർത്തീകരണ സാക്ഷ്യ പത്രം സമർപ്പിക്കുമ്പോൾ സബ്സിഡി ഡി.ബി.റ്റി. സംവിധാനത്തിലൂടെ നേരിട്ട് വിതരണം ചെയ്യുന്നതുമായ വിധത്തിലാണ് പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിരിക്കുന്നത്. 2019-20 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം ആരംഭിക്കാൻ സാധിച്ചിട്ടില്ലെങ്കിലും 2020-21 സാമ്പത്തിക വർഷവും മുൻവർഷത്തെ അതെ ഭൗതിക ലക്ഷ്യം തന്നെ കേന്ദ്ര സർക്കാർ അനുവദിക്കാൻ സാധ്യത കാണുന്നതിനാൽ പദ്ധതി ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചുവടെ പറയുന്ന നടപടി ക്രമങ്ങളും പാലിച്ചുകൊണ്ട് കേന്ദ്ര പാരമ്പര്യേതര ഊർജ്ജമന്ത്രാലയം ഭരണാനുമതി നൽകിയിട്ടുള്ള ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മാന്വർ പ്രോഗ്രാം ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് എന്നീ നാല് ജില്ലകളിലെ 100

പഞ്ചായത്തുകളിൽ 2020-21 വർഷം നടപ്പിലാക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു. പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിന് ശുചിത്വ/മാലിന്യ സംസ്കരണത്തിന് അവാർഡ് ലഭിച്ചിട്ടുള്ളവ, ഉയർന്ന പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ ഉള്ളവ, വനാതിർത്തിയിൽ സ്ഥിതി ചെയ്യുന്നതോ വനവിസ്തൃതി കൂടുതൽ ഉള്ളതോ ആയവ എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കാവുന്നതാണ്.

i.പദ്ധതിയിൽ നിർമ്മിക്കപ്പെടുന്ന ബയോഗ്യാസ് പ്ലാന്റുകൾ 1 m3 മുതൽ 25m3 വരെ ശേഷിയുള്ളതായിരിക്കണം.

ii. ഗ്രാമ പഞ്ചായത്ത് തലത്തിൽ അനുവദിക്കപ്പെടുന്ന ബയോ ഗ്യാസ് പ്ലാന്റുകളുടെ പദ്ധതി നിർവ്വഹണം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേന നടപ്പിലാക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഏകോപന ചുമതല നിർവ്വഹിക്കേണ്ടതാണ്.

iii.പദ്ധതിക്കായി ആവശ്യമായി വരുന്ന തുക പൂർണ്ണമായും കേന്ദ്രവിഹിതമായി ലഭിക്കുന്നതിനാലും വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം ലഭ്യമാകുന്ന പരമാവധി സബ്സിഡിയെക്കാളും തുക NNBOMP പദ്ധതി പ്രകാരം അനുവദിക്കുന്നതുകൊണ്ടും ത്രിതല പഞ്ചായത്തുകൾ പദ്ധതി വിഹിതം ഈ പദ്ധതിക്കായി മാറ്റി വക്കേണ്ടതില്ല.

iv.എല്ലാ ഗുണഭോക്താക്കളെയും ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കേണ്ടതാണ്. പശു വളർത്തലിലും കാർഷിക വൃത്തിയിലും ഏർപ്പെട്ടിരിക്കുന്ന ലൈഫ്/പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് പ്രാഥമിക പരിഗണന നൽകേണ്ടതാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ് മുഖേന കാലിത്തൊഴുത്ത് നിർമ്മിച്ച് കൊടുത്ത ഗുണഭോക്താക്കൾക്കും ക്ഷീരകർഷകർക്കും മറ്റു വ്യക്തിഗത ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിക്കാവുന്നതാണ്.

v.കാർഷിക കർഷക ക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുള്ള ടേൺകീ ഏജന്റുമാർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെ.വി.ഐ.സി.) അംഗീകരിച്ചിട്ടുള്ള റൂറൽ എനർജി ടെക്നീഷ്യൻ (ആർ.ഇ.റ്റി) , സംസ്ഥാന ശുചിത്വ മിഷൻ എംപാനൽ ചെയ്തിട്ടുള്ള ഏജൻസികൾ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ള ബിഡ്ഡിംഗിലൂടെ വേണം ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്.

vi.എം.എൻ.ആർ.ഇ.മന്ത്രാലയം അംഗീകരിച്ചിട്ടുള്ള ഡിസൈനിലും സ്പെസിഫിക്കേഷനിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളാകണം പദ്ധതിയിൽ നിർമ്മിക്കേണ്ടത്.

vii.എം.എൻ.ആർ.ഇ.മന്ത്രാലയം അംഗീകരിച്ചിട്ടുള്ള ബയോഗ്യാസ് മോഡലുകളുടെ സ്പെസിഫിക്കേഷൻ, ഡാറ്റാ എന്നിവയ്ക്ക് അനുസൃതമായി പ്രാബല്യത്തിലുള്ള PRICEsoftware-ലെ അംഗീകൃത നിരക്കുകൾ പ്രകാരം കണക്കാക്കാവുന്ന ഉയർന്ന തുകയാണ് ഓരോ മോഡലുകൾക്കും യൂണിറ്റ് കോസ്റ്റായി നിശ്ചയിക്കുന്നത്.

viii. നിർമ്മാണം പൂർത്തീകരിച്ച ബയോഗ്യാസ് പ്ലാന്റുകളുടെ തുടർന്നുള്ള അഞ്ചു വർഷ കാലയളവിലെ ഓപ്പറേഷൻ & മെയിന്റനൻസ് പ്രവൃത്തികൾ നിർമ്മാണം നടത്തിയ ടേൺ കീ ഏജൻസികൾ തന്നെ നിർവ്വഹിക്കേണ്ടതാണ്.

ix. ടേൺ കീ ഏജന്റുമാർക്ക് ഓപ്പറേഷൻ & മെയിന്റനൻസ് ഇനത്തിൽ 1 m3 മുതൽ 10 m3 വരെയുള്ള പ്ലാന്റുകൾക്ക് 2500/-രൂപയും 10 m3 മുതൽ 25m3 വരെയുള്ള യൂണിറ്റുകൾക്ക് 4500/- രൂപയും ടേൺ കീ ഫീ ആയി അനുവദിക്കുന്നതാണ്. ടേൺ കീ ജോബ് നൽകുന്ന വിധം ചുവടെ ചേർക്കുന്നു.

| പ്ലാന്റിന്റെ വലിപ്പം | ഒന്നാം ഗഡു നൽകുന്നതിനുള്ള നിബന്ധന | 1-ാം ഗഡു | 2-ാം ഗഡു നൽകുന്നതിനുള്ള നിബന്ധന | 2-ാം ഗഡു | 3-ാം ഗഡു നൽകുന്നതിനുള്ള നിബന്ധന | 3-ാം ഗഡു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1-10 $M^3$ (ആകെ ഫീസ് 2500/-) | പൂർത്തീകരണ സർട്ടിഫിക്കറ്റ് & കമ്മീഷനിംഗ് പൂർത്തിയാക്കിയ ശേഷം | 1500 | കമ്മീഷൻ കഴിഞ്ഞ് 3-ാം വർഷാവസാനം പരിശോധനകൾക്ക് ശേഷം | 500 | കമ്മീഷൻ കഴിഞ്ഞ് 5-ാം വർഷാവസാനം പരിശോധനകൾക്ക് ശേഷം | 500 |
| 10$M^3$ -ന് മുകളിൽ (ആകെ ഫീസ് 4500/-) | പൂർത്തീകരണ സർട്ടിഫിക്കറ്റ് & കമ്മീഷനിംഗ് പൂർത്തിയാക്കിയ ശേഷം | 3000 | കമ്മീഷൻ കഴിഞ്ഞ് 3-ാം വർഷാവസാനം പരിശോധനകൾക്ക് ശേഷം | 1000 | കമ്മീഷൻ കഴിഞ്ഞ് 5-ാം വർഷാവസാനം പരിശോധനകൾക്ക് ശേഷം | 500 |

x. ഗ്രാമവികസന കമ്മീഷണറേറ്റിൽ രജിസ്റ്റർ ചെയ്ത് എംപാനൽ ചെയ്യുന്ന ടേൺകീ ഏജന്റുമാരിൽ നിന്നും ടേൺകീ ഫീ ബെഞ്ച് മാർക്കായി നിശ്ചയിച്ച് മത്സര സ്വഭാവമുള്ള ബിഡ്ഡിംഗിലൂടെ തെരഞ്ഞെടുക്കുന്ന ടേൺകീ ഏജന്റുമാർക്ക് നിർമ്മാണച്ചുമതല ഏൽപ്പിച്ച് നൽകേണ്ടതാണ്.

xi. പദ്ധതിയുടെ ജില്ലാതല മോണിറ്ററിംഗ് ജില്ലാ കളക്ടർ ചെയർമാനായ സമിതി നടത്തുന്നതാണ്. ഈ സമിതിയിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ. കെ.വി.ഐ.സി.യുടെ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പദ്ധതി നടപ്പാക്കുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്നതായിരിക്കണം.

xii. പദ്ധതിയുടെ സംസ്ഥാനതല മോണിറ്ററിംഗ് ഗ്രാമവികസന കമ്മീഷണർ ചെയർമാനായ സമിതി നടത്തുന്നതാണ്. ഈ സമിതിയിൽ കാർഷിക കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, കാർഷിക കർഷക ക്ഷേമ വകുപ്പ് അഡീഷണൽ ഡയറക്ടർ(ബയോഗ്യാസ്), ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ-1, ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ(ഡി.പി), നബാർഡ് പ്രതിനിധി, കെ.വി.ഐ.സി. പ്രതിനിധി എന്നിവർ ഉൾപ്പെടുന്നതാണ്.

xiii. ബയോഗ്യാസ് യൂണിറ്റ് നിർമ്മാണത്തിന്റെ ആരംഭത്തിലും 50% പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്കും. പൂർത്തീകരിച്ച ശേഷവും പ്രദേശം ജിയോ ടാഗ് ചെയ്യേണ്ടതാണ്.

xiv. സംസ്ഥാനത്ത് ഇതേ പദ്ധതി നടപ്പാക്കുന്ന കാർഷിക കർഷക ക്ഷേമ വകുപ്പ്. ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (KVIC) എന്നിവരുടെ പദ്ധതികളുമായി ഇരട്ടിപ്പ് വരാതെ സൂക്ഷിക്കുന്നതിന് ഗുണഭോക്താക്കളുടെ വിവരങ്ങൾ ടി വകുപ്പുകളുമായി കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Validity unknown
Digitally signed by NISAM N
Date: 2020.05.20 12:44:25 IST
Reason: Approved
സെക്ഷൻ ഓഫീസർ